## 603

1 ഉന്നതനേ! വന്നടിയാരെ വീണ്ടെടുത്ത നാഥാ!
നിന്നെയല്ലാതൊന്നുമെങ്ങൾക്കേതുമിഷ്ടമാകാ
നിന്നുയിരെ തന്നരിയെവെന്നു വീണ്ടെടുപ്പാൻ
നീ കനിഞ്ഞതോർത്തു ഞങ്ങൾ കീർത്തനങ്ങൾ പാടും-

2 നിന്മഹിമയോതുവതിനിമ്മാനവർക്കസാദ്ധ്യം
വാനവർക്കുമത്ഭുതമാം നിൻ പ്രവർത്തനങ്ങൾ
നിൻ ദയയോ സിന്ധുസമം എന്തതീതം നാഥാ!
ചിന്ത ചെയ്യുന്തോറുമേതുമന്തമില്ലയൊന്നും-

3 നിന്നരികേ വന്നൊരുവരും ലജ്ജിതരായില്ല
നിങ്കലേക്കു നോക്കിയോർ പ്രശോഭിതരായല്ലോ
നിന്മുഖമോ സുന്ദരമേ കണ്ടു കൺകുളിർത്തും
നിൻവചനം കേട്ടുകൊണ്ടും നാൾകഴിക്കുമെങ്ങൾ-

4 കൺമണി പോൽ കരുതി ദിനവും കാത്തിടുന്നു നാഥാ!
നിൻജനമാമെങ്ങളെ നീ എത്ര ഭദ്രമായി
നീ വരുമേ അന്നുവരെ നിന്നെയോർത്തു പാർക്കും
പിന്നെ നിന്നോടൊന്നു ചേർന്നു വാഴുമെങ്ങളെന്നും-

5 ഹല്ലേലുയ്യാ ചൊല്ലിയടിയർ വാഴ്ത്തിടുന്നു നാഥാ!
അല്ലലെല്ലാം തീർന്നു തെല്ലുമില്ല ചഞ്ചലം ഹാ!
നല്ലവനേ! വല്ലഭനേ! ഉള്ളകാലമെല്ലാം
നിന്നിലെങ്ങളുല്ലസിച്ചു ഹല്ലേലുയ്യാ പാടും-

T.K.S.